(Pages : 4) **L – 2664**

Reg. No. : ..............................

Name : ...................................

## Fourth Semester B.A. Degree Examination, May 2021

## Career Related First Degree Programme under CBCSS

## Malayalam and Mass Communications

## Complementary Course

## MX 1431 : മാധ്യമാന്തര വിവർത്തനം

## (2019 Admission - Regular)

St. Xaviers College, Thumba

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. "നിർമ്മാല്യം" എന്ന സിനിമയ്ക്കാധാരമായ എം.ടി. വാസുദേവൻ നായരുടെ കഥ ഏത്?

2. ഒരേ പേരിൽ രണ്ടു പ്രാവശ്യം സിനിമയാക്കപ്പെട്ട ബഷീറിന്റെ കഥ ഏത്?

3. 'വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക' രചിച്ചതാര്?

4. എറിക് സീഗളിന്റെ 'മാൻ വുമൺ ആന്റ് ചൈൽഡ്' എന്ന കഥയെ അടിസ്ഥാനമാക്കി ബാലുമഹേന്ദ്ര നിർമ്മിച്ച മലയാള ചിത്രമേത്?

5. അനുകല്പനത്തെ ചിഹ്നാന്തരവിവർത്തനം എന്നു വിളിച്ചതാര്?

6. അന്താരാഷ്ട്രവിവർത്തനദിനം എന്ന്?

7. കളിയാട്ടം സംവിധാനം ചെയ്തതാര്?

P.T.O.

8. സിനിമയാക്കപ്പെട്ട ചങ്ങമ്പുഴക്കവിത ഏത്?

9. ലിയനാർഡോ ഡാവിഞ്ചിയുടെ 'ദി വിർജിൻ ആന്റ് ചൈൽഡ് വിത്ത് സെന്റ് അന്ന' എന്ന ചിത്രത്തിനാധാരമായ പുസ്തകം ഏത്?

10. ഇന്ത്യൻ സിനിമയിലെ ആദ്യ അനുവർത്തനചിത്രം ഏത്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. സാഹിത്യരൂപത്തെ സിനിമയാക്കുമ്പോൾ ചലച്ചിത്രകാരൻ നേരിടുന്ന വെല്ലുവിളിയെന്ത്?

12. 'ഭാർഗ്ഗവീനിലയം' മലയാളത്തിലെ മികച്ച സിനിമകളിലൊന്നാകാൻ കാരണമെന്ത്?

13. സഞ്ജയന്റെ ഒഥല്ലോ പരിഭാഷയുടെ സവിശേഷതയെന്ത്?

14. മൂലഭാഷ, ലക്ഷ്യഭാഷ എന്നീ വാക്കുകൾക്ക് വിവർത്തനത്തിലുള്ള സ്ഥാനമെന്ത്?

15. ഈ യാത്ര തന്റെ , അവിവേകമാണു വെളിപ്പെടുത്തുന്നതെന്ന സുഭദ്രയുടെ ചിന്തയ്ക്കു കാരണമെന്ത്?

16. കണ്ണൻ പെരുമലയന്റെ സംഘർഷങ്ങളെ ദൃശ്യവൽക്കരിക്കുന്നതിൽ സിനിമയിലെ ഭൂപ്രകൃതിക്കുള്ള സ്ഥാനമെന്ത്?

17. അനുവർത്തനപ്രക്രിയയിൽ ചലച്ചിത്രകാരൻ അഭിമുഖീകരിക്കുന്ന വിഷമസന്ധികൾ ഏവ?

18. ചിഹ്നാന്തര (inter semiotic) വിവർത്തനമെന്നാലെന്ത്?

19. കളിയാട്ടം ഒഥല്ലോയുടെ പുനഃസൃഷ്ടിയാകുന്നതെങ്ങനെ?

20. ബിജു മേനോൻ അവതരിപ്പിച്ച രാമാനുജം ശാസ്ത്രികൾ മാധവിക്കുട്ടിയുടെ കഥാപാത്രത്തോട് നീതിപുലർത്തിയോ?

St. Xaviers College, Thumba

21. 'സ്വന്തം അച്ഛനെ വഞ്ചിച്ചവളാണിവൾ' ഈ വാക്കുകൾക്ക് കളിയാട്ടത്തിലുള്ള പ്രസക്തിയെന്ത്?

22. വിവർത്തകനുവേണ്ട യോഗ്യതകൾ എന്തെല്ലാം?

23. സാഹിത്യകൃതിയുടെ അനുവർത്തനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന സിനിമ വ്യത്യസ്തമാകുവാനുള്ള കാരണമെന്ത്?

24. ചന്ദ്രശേഖരമേനോൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകളെന്തെല്ലാം?

25. റോമൻ ജാക്കോബ്സൻ അവതരിപ്പിക്കുന്ന വിവർത്തന വിഭാഗങ്ങളേവ?

26. മഴ എന്ന സിനിമയിൽ സംഗീതത്തിന്റെ സ്ഥാനമെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിനുത്തരമെഴുതുക.

27. 1960-കളിലെ മലയാളസിനിമയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം?

28. ജിയോഫ്രി വാഗ്നർ അനുവർത്തനങ്ങളെ വിഭാഗീകരിക്കുന്നതെങ്ങനെ?

29. എമിലിയ, ചീർമ്മ എന്നീ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.

30. ലോകസിനിമയിലെ ശ്രദ്ധേയങ്ങളായ അനുവർത്തനങ്ങളെ പരിചയപ്പെടുത്തുക.

31. പി. ഭാസ്കരൻ മലയാളചലച്ചിത്രലോകത്തിനു നൽകിയ സംഭാവനകൾ വിലയിരുത്തുക.

32. അസൂയ എന്ന സാർവ്വലൗകികവികാരത്തിന്റെ നാശോന്മുഖത കളിയാട്ടത്തെ ഒരു ദുരന്തശില്പമാക്കുന്നതെങ്ങനെ?

33. തന്റെ ജീവിതത്തിന് ജീർണ്ണത സംഭവിക്കുന്നു എന്ന് സുഭദ്രയ്ക്ക് തോന്നിയതെപ്പോൾ?

34. ഷേക്സ്പിയർ നാടകങ്ങളുടെ വിവർത്തനത്തിൽ മലയാളത്തിനുള്ള പരിമിതികൾ എന്തെല്ലാം?

35. നഷ്ടപ്പെട്ട നീലാംബരിയിൽ നിന്ന് മഴ എന്ന തലക്കെട്ടിലേക്കുള്ള മാറ്റം, ചിത്രത്തിന് എത്രമാത്രം അനുയോജ്യമാണ്?

36. നാടകങ്ങളുടെ അനുവർത്തനങ്ങളായി വന്ന മലയാള സിനിമകളെ പരിചയപ്പെടുത്തുക.

St. Xaviers College, Thumba

37. ജയരാജിന്റെ ചലച്ചിത്രസംഭാവനകളെ സംഗ്രഹിക്കുക.

38. ചെറുകഥയുടെ അനുവർത്തനം സംവിധായകനു വെല്ലുവിളിയാകുന്നതെന്തുകൊണ്ട്? മലയാളത്തിലെ ചെറുകഥാനുവർത്തനങ്ങൾ പരിചയപ്പെടുത്തുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിനുത്തരമെഴുതുക.

39. വടക്കൻ കേരളത്തിന്റെ സാംസ്കാരികഭൂമികയിൽ ഒഥല്ലോയെ പറിച്ചു നട്ടതാണ് കളിയാട്ടം എന്ന സിനിമ - വിശകലനം ചെയ്യുക.

40. സിനിമയും സാഹിത്യവും തമ്മിലുള്ള ദൃഢബന്ധം ഇന്ത്യൻ സിനിമാചരിത്രത്തെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

41. വിവിധതരം അനുവർത്തനങ്ങളെ മലയാളസിനിമയിൽനിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി പരിചയപ്പെടുത്തുക.

42. വിവർത്തനത്തിൽ മാധ്യമസവിശേഷതകൾ വഹിക്കുന്ന പങ്കെന്ത്?

43. നഷ്ടപ്പെട്ട നീലാംബരി എന്ന ചെറുകഥ, ഹൃദ്യമായ ചലച്ചിത്രാനുഭവമായി ലെനിൻ രാജേന്ദ്രൻ പകർത്തിയതെങ്ങനെ?

44. മലയാളിയുടെ സാഹിത്യവും സംസ്കാരവും വിവർത്തനത്തോടു കടപ്പെട്ടിരിക്കുന്നതെങ്ങനെ?

**(2 × 15 = 30 Marks)**

---

St. Xaviers College, Thumba